(ബി) ഇല്ല. കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7, ഉപചട്ടം 8 പ്രകാരം സ്കൂൾ സ്ഥിതി ചെയ്യുന്ന ജില്ലയിൽ സംരക്ഷിതാദ്ധ്യാപകർ ഇല്ലെങ്കിൽ മറ്റ് ജില്ലകളിലെ അദ്ധ്യാപക ബാങ്കിൽനിന്ന് നിയമനം നടത്താൻ മാനേജർ ബാധ്യസ്ഥനാണ്.

(സി) കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7, ഉപചട്ടം 3 പ്രകാരം പുതുതായി ഉണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിൽ 29-1-2016 മുതൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളിലും, റൂൾ 43, 51 എ, 51 ബി അവകാശികൾ ഇല്ലെങ്കിൽ സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം

209 (1323) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം നൽകുന്ന ഈ അവസരത്തിൽ പല സർക്കാർ ഹൈസ്കൂളുകളിലും ഇംഗ്ലീഷിന് ഒരു അദ്ധ്യാപകൻ പോലും ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക ഇല്ലാത്ത സർക്കാർ സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷിന് ഒരു തസ്തികയെങ്കിലും അനുവദിക്കാൻ വിദ്യാഭ്യാസ വകുപ്പ് ഇതിനോടകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മറ്റ് വിഷയങ്ങളിൽ ഡിഗ്രിയും ബി.എഡ്.-ഉം ഉള്ളവർ ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കണമെന്നുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 7-1-2002-ലെ ജി.ഒ. (എം.എസ്.) നമ്പർ 11/2002/ പൊ.വി.വ. ഉത്തരവിലെ അനുബന്ധത്തിൽ നൽകിയിട്ടുള്ള പട്ടിക പ്രകാരമാണ് സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ കോർ വിഷയങ്ങളുടെ (ഫിസിക്കൽ സയൻസ്, നാച്വറൽ സയൻസ്, ഗണിതശാസ്ത്രം, സോഷ്യൽ സയൻസ്, ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നത്. 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ആകെ 5 ഡിവിഷനുകളെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ആദ്യത്തെ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തിക ലഭിക്കു. അതായത് 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ആകെ 4 ഡിവിഷനുകൾ വരെ മാത്രമുള്ള വിദ്യാലയങ്ങളിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തിക അനുവദിക്കാൻ നിലവിൽ നിയമമില്ല. എല്ലാ വിദ്യാലയങ്ങളിലും എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) അപ്രകാരമുള്ള ഉത്തരവൊന്നും നിലനിൽക്കുന്നില്ല. എന്നാൽ 7-1-2002-നുമുമ്പ് കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിരുന്നില്ല. മറ്റ് കോർ വിഷയങ്ങളിലെ അദ്ധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ഹൈസ്കൂൾ തലത്തിൽ ആകെ 4 ഡിവിഷനുകൾ വരെ മാത്രമുള്ള വിദ്യാലയങ്ങളിൽ ഇപ്പോഴും അപ്രകാരം തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്. അങ്ങനെയാകുമ്പോൾ മറ്റ് വിഷയങ്ങളിൽ ഡിഗ്രിയും ബി.എഡ്.-ഉം ഉള്ള അദ്ധ്യാപകർ ഇത്തരം വിദ്യാലയങ്ങളിൽ ഇപ്പോൾ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. എല്ലാ വിദ്യാലയങ്ങളിലും എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

### ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക തസ്തിക

210 (1324) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ ഹയർസെക്കണ്ടറിയായി ഉയർത്തിയ തൃശ്ശൂർ ജില്ലയിലെ സ്കൂളുകളിൽ. തുടർന്നുള്ള അധ്യയന വർഷങ്ങളിൽ 40-ഉം 50-ഉം കുട്ടികൾവീതം പ്രവേശനം നേടിയിട്ടും അദ്ധ്യാപക തസ്തിക അനുവദിച്ചില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അദ്ധ്യാപക തസ്തിക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സ്ഥിരം അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് ആവശ്യമായ കുട്ടികളുടെ എണ്ണം 2014-15 അധ്യയന വർഷത്തിലോ അതിന് ശേഷമോ ഇല്ലാതിരുന്നിട്ടും 19 സ്കൂളുകളിൽ 142 അധ്യാപക തസ്തിക അനുവദിച്ചതിന്റെ (സ.ഉ (കൈ) നമ്പർ 106/2017/പൊ.വി.വ തീയതി 21-8-2017) കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014-15-ൽ 40-ഉം 2015-16-ൽ 50-ഉം കുട്ടികളുള്ള എല്ലാ സ്കൂളുകൾക്കും തസ്തിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 31-7-2014-ലെ സ.ഉ. (കൈ) നമ്പർ 143/2016/പൊ.വി.വ. പ്രകാരം പുതുതായി ആരംഭിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലും അധിക ബാച്ചുകളിലും 2014-15 അധ്യയന വർഷത്തിൽ 40 കുട്ടികളും 2015-16 അധ്യയന വർഷം മുതൽ 50 കുട്ടികളും ഏറ്റവും കുറഞ്ഞത് ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടി വ്യവസ്ഥയിൽ ഉൾപ്പെടാത്ത സ്കൂളുകൾക്ക് തസ്തിക അനുവദിച്ചിട്ടില്ല.